"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-ജിസിഡിഎ-സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്ന കരാറുകാർക്ക് ഇൻസന്റീവ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1356/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/07/2021

---

പരാമർശം:- വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 19.07.2018,16 -4 -2019 തീയതികളിലെ -ലെ ഇ2/2480/2017/ജിസിഡിഎ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഫിഫ അണ്ടർ 17 മത്സരങ്ങൾക്കു മുന്നോടിയായി "Renovation and Replacing of water supply and plumbing lines" എന്ന പ്രവൃത്തിയുടെ കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ തന്നെ ടി പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതിനാൽ കരാറുകാരന് സർക്കാർ ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവൃത്തികൾക്ക് ബാധകമായ ഇൻസന്റീവ് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്ന കരാറുകാർക്ക് പി. ഡബ്ളയു. ഡി. മാന്വൽ Clause 2112.2 പ്രകാരമുള്ള PAC തുകയുടെ ഒരു ശതമാനം (പരമാവധി 4 ലക്ഷം രൂപ )ഇൻസന്റീവ് നൽകുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൗരഭ് ജെയിൻ

സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

പൊതുമരാമത്ത് (എച്ച്) വകുപ്പ് [file No. PWD-H3/228/2019-PWD പ്രകാരം].

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Suja S K

Date: 23-07-2021 11:41:33

Reason: Approved

സെക്ഷൻ ഓഫീസർ